സ്കോളർഷിപ്പിലൂടെ നൽകുമെന്ന് ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മറ്റ് സ്വാശ്രയ കോളേജുകളിൽ നിന്നും വിഭിന്നമായി ന്യൂനപക്ഷ പദവിയുള്ള ക്രിസ്ത്യൻ മാനേജ്മെന്റുകൾക്ക് ഏകീകൃത ഫീസ് വ്യവസ്ഥ അനുവദിച്ചിട്ടുള്ളത്. ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ഒപ്പുവച്ച കരാറിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ന്യൂനപക്ഷ പദവിയുള്ള കോളേജുകളിൽ സർക്കാരിന് ലഭ്യമായ 50% സീറ്റുകളുടെ 30% സീറ്റുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയായി കരാർ പ്രകാരം പ്രവേശനം നടത്തുന്നുണ്ട്. പ്രസ്തുത സീറ്റുകളിൽ അതാതു മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്നസമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് റാങ്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നത്.

(സി) പിൻവലിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി കാര്യക്ഷമമായി തന്നെയാണ് പ്രവർത്തിക്കുന്നത്. 2015-2016 വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ കോളേജുകൾ സ്വീകരിക്കേണ്ട രീതികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കോളേജിൽ അപ്രകാരമാണോ പ്രവേശനം നടന്നതെന്ന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയാണ് പരിശോധിക്കുന്നത്. ഏതെങ്കിലും കോളേജ് അമിതമായി ഫീസ് ഈടാക്കിയതായി പരാതി ലഭിക്കുമ്പോഴൊക്കെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നിയമാനുസരണം നടപടി എടുത്ത് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഡെന്റൽ കോളേജുകൾ

107 (2387) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഡെന്റൽ കോളേജുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളേജുകളിൽ ഓരോ കോഴ്സുകൾക്കും എത്ര സീറ്റുകൾ വീതമാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 എണ്ണം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബിഡിഎസ് കോഴ്സിന് തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ ഡെന്റൽ കോളേജുകളിൽ 50 സീറ്റ് വീതവും കോട്ടയം ഡെന്റൽ കോളേജിൽ 40 സീറ്റുകളും, എം.ഡി.എസ്. കോഴ്സിന് തിരുവനന്തപുരം ഡെന്റൽ കോളേജിൽ 26-ഉം കോട്ടയം ഡെന്റൽ കോളേജിൽ 18-ഉം കോഴിക്കോട് ഡെന്റൽ കോളേജിൽ 18-ഉം സീറ്റുകളുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

108 (2388) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്, പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ പെർമിറ്റഡ് അൺ റെക്കഗ്നൈസ്ഡ് സീറ്റുകളിൽ പ്രവേശനം നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽ എത്രപേർക്ക് ഏതെല്ലാം വിഷയങ്ങളിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്;

(ബി) ഇത്തരം സീറ്റുകളിൽ പ്രവേശനം നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽ അപേക്ഷ നൽകിയതിൽ എത്രപേർക്ക് ഏതെല്ലാം വിഷയങ്ങളിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാനുണ്ട്; എത്രപേരുടെ അപേക്ഷ നിരസിച്ചിട്ടുണ്ട്;

(സി) ഇത്തരം സീറ്റുകളിൽ പ്രവേശനം നേടി ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയവർക്ക് രജിസ്ട്രേഷൻ നൽകിയത് രേഖപ്പെടുത്തുന്നതിന് എന്തെങ്കിലും രജിസ്റ്റർ/രേഖ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലോ സർക്കാരോ സൂക്ഷിക്കുന്നുണ്ടോ; കഴിഞ്ഞ അഞ്ചു വർഷം ഇത്തരത്തിലുള്ള ബിരുദാനന്തര ബിരുദധാരികൾക്ക് രജിസ്ട്രേഷൻ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഗവൺമെന്റ്, പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ പെർമിറ്റഡ് അൺ റെക്കഗ്നൈസ്ഡ് സീറ്റുകളിൽ പ്രവേശനം നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ എന്തെങ്കിലും ശിപാർശ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ കഴിഞ്ഞ നാലു യോഗങ്ങളുടെ മിനിട്ട്സും അംഗീകരിച്ച പ്രമേയത്തിന്റെ പകർപ്പും ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly